**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *464.

24.10.2016 ൽ മറുപടിയ്ക്ക്

# മൈക്രോ ഫിനാൻസ് വായ്പാ തട്ടിപ്പ്

**ചോദ്യം**

ശ്രീ. എം.മുകേഷ്
ശ്രീ. എം.എം.മണി
ശ്രീ. പി.ഉണ്ണി
ശ്രീ. ഡി.കെ.മുരളി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മൈക്രോ ഫിനാൻസ് വായ്പയുടെ മറവിൽ വ്യാജ രേഖകൾ ചമച്ച് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്ന് കോടികൾ തട്ടിയെടുത്തതായ ആക്ഷേപം സംബന്ധിച്ച കേസ്സിൽ വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | ഇക്കാര്യത്തിൽ VC 05/2016/ SRT നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ഒന്നാം പ്രതിയായ പ്രസ്തുത കേസിൽ മറ്റ് പ്രതികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | ടി കേസിലെ കുറ്റാരോപിതരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>i) ശ്രീ. വെള്ളാപ്പള്ളി നടേശൻ<br>ii) ശ്രീ. എം.എൻ.സോമൻ, എസ്.എൻ.ഡി.പി. യോഗം കൊല്ലം ജില്ലാ പ്രസിഡന്റ്.<br>iii) ശ്രീ. കെ.കെ.മഹേശൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, എസ്.എൻ.ഡി.പി.യോഗം, മൈക്രോഫിനാൻസ് സ്കീം.<br>iv) ശ്രീ. എം.നജീബ്, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.<br>v) ശ്രീ. ദിലീപ് കുമാർ, S/o ഭാർഗവൻ, ശാന്തിനഗർ, തിരുവനന്തപുരം. |

| | | | |
|---|---|---|---|
| (സി) | ഏതൊക്കെ വകുപ്പുകൾ ചേർത്താണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (സി) | 1988 ലെ അഴിമതി നിരോധന നിയമത്തിലെ 13(2) r/w 13(1) (c) (d) വകുപ്പുകൾ പ്രകാരവും 1860 ലെ ഇന്ത്യൻ പീനൽ കോഡിലെ 420, 468, 471, 120(ബി) 34 വകുപ്പുകൾ പ്രകാരവുമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (ഡി) | വിജിലൻസ് അന്വേഷണം സമയബന്ധിതമായി പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ